പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2816

14.02.2013-ൽ മറുപടിയ്ക്ക്

## കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. ഹൈബി ഈഡൻ | | കുമാരി.പി.കെ.ജയലക്ഷ്മി<br>(ബഹുമാനപ്പെട്ട പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യവും പ്രവർത്തനരീതിയും വിശദമാക്കുമോ ; | (എ) | കേരളത്തിലെ യുവജനങ്ങളുടെ സർവ്വതോന്മുഖമായ വികസനം എന്ന ലക്ഷ്യത്തോടെ 1985-ൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നിലവിൽ വന്നു. യുവജനശാക്തീകരണപ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പ്രവർത്തിച്ചു വരുന്നു. യുവജനങ്ങളുടെ ഭൗതികവും, സാംസ്കാരികവും സാഹിത്യപരവും കലാകായികപരവും തൊഴിൽപരവുമായി സർവ്വതോന്മുഖമായ വികസനം ലക്ഷ്യമിട്ടുകൊണ്ട് വിവിധങ്ങളായ പ്രവർത്തനങ്ങളാണ് ബോർഡ് നടപ്പിലാക്കിവരുന്നത്. ബഹുമാനപ്പെട്ട യുവജനകാര്യ വകുപ്പ് മന്ത്രി ചെയർമാനായുള്ള ബോർഡ് ഓഫ് ഡയറക്ടേഴ്സിൽ 11 ഔദ്യോഗിക പ്രതിനിധികളും 10 അനൗദ്യോഗിക പ്രതിനിധികളുമാണുള്ളത്. മെമ്പർ സെക്രട്ടറിയാണ് ചീഫ് എക്സിക്യൂട്ടീവ്. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന യുവജനക്ഷേമ ബോർഡിന് കേരളത്തിലെ 14 ജില്ലകളിലും യുവജനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഇടുക്കി ജില്ലയിലെ ദേവികുളം ആസ്ഥാനമാക്കി നാഷണൽ അഡ്വഞ്ചർ അക്കാഡമിയും, കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ആസ്ഥാനമാക്കി അഡ്വഞ്ചർ അക്കാഡമി ഉപ കേന്ദ്രവും പ്രവർത്തിക്കുന്നു. ബോർഡ് ആസൂത്രണം ചെയ്യുന്ന വിവിധ പരിപാടികൾ ഈ ഓഫീസുകൾ വഴിയാണ് നടപ്പിലാക്കി വരുന്നത്. |
| (ബി) യുവജന ശാക്തീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ബോർഡ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി), & (സി) | യുവജനശാക്തീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ബോർഡ് ധാരാളം പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് . വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്